**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1728 — 14.07.2016- ൽ മറുപടിക്ക്

## സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ നിയമനം

| | **ചോദ്യം**<br>**ശ്രീ.റ്റി.വി.രാജേഷ്** | | **മറുപടി**<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ; | (എ) | സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ റാങ്ക് ലിസ്റ്റിൽ നിന്നും ആകെ 246 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ വി.ഇ.ഒ മാരിൽ നിന്നുള്ള തസ്തിക മാറ്റം വഴി നിയമനത്തിന് ആകെ എത്ര ഒഴിവുകൾ ഉണ്ട്; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; എൻ.ജെ.ഡി ഉൾപ്പെടെ എത്ര ഒഴിവുകൾ ഇപ്പോൾ ഈ വിഭാഗത്തിലുണ്ട്; ഈ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പി എസ് സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | വി.ഇ.ഒ മാരിൽ നിന്നുള്ള തസ്തിക മാറ്റം വഴി നിയമനത്തിന് ആകെ 127 ഒഴിവുകൾ ഉണ്ടായിരുന്നു. ഇതിൽ 67 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 28 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 39 പേർ എൻ.ജെ.ഡി ആണ്. നിലവിൽ എൻ.ജെ.ഡി ഉൾപ്പെടെ 99 ഒഴിവുകൾ ഉണ്ട്. ടി ഒഴിവുകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 12.04.2016-ൽ പി.എസ്.സിക്ക് കത്ത് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**